(ഡി) ഇത് സംബന്ധിച്ച് ലോകബാങ്കിൽ നിന്നും ധനസഹായം വാങ്ങുന്നതിന് സർക്കാർ എന്തെങ്കിലും പ്രപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ ;

(ഇ) പൊട്ടിപ്പൊളിഞ്ഞ റോഡുകൾ യഥാസമയം മെയിന്റനൻസ് നടത്താൻ നടപടി സ്വീകരിക്കുമോ ;

(എഫ്) റോഡുകളുടെ അറ്റകുറ്റപ്പണി മാർച്ച് 31 ന് മുൻപ് പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അറ്റകുറ്റപ്പണികൾക്കായി ബഡ്ജറ്റിൽ വിവിധ ഹെഡുകളിലായി നീക്കി വയ്ക്കുന്ന തുക ഓരോ റോഡ്സ് ഡിവിഷനും വീതിച്ചു കൊടുക്കുകയും അതനുസരിച്ചുള്ള പണികൾ മുൻഗണനാക്രമത്തിൽ ഏറ്റെടുത്തു വരികയും ചെയ്യുന്നു. കൂടാതെ കാലവർഷക്കെടുതി മൂലമുണ്ടാകുന്ന അറ്റകുറ്റപ്പണികളും, ചീഫ് എൻജിനീയറുടെ അടങ്കൽ തുകയിൽ ഉൾപ്പെടുത്തി അത്യാവശ്യം ചെയ്യേണ്ടുന്ന ജോലികളും ഏറ്റെടുത്തു നടത്തി വരുന്നുണ്ട്. റോഡുകളിലെ കുണ്ടും കുഴിയും കഴിഞ്ഞ ഡിസംബർ അവസാനത്തോടു കൂടി തന്നെ ഏറെക്കുറെ അടച്ചു കഴിഞ്ഞിട്ടുണ്ട്. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ നിന്നും അതാതു വർഷം ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ച് ദേശീയപാതകളുടെ അറ്റകുറ്റപ്പണികളും ചെയ്തു വരുന്നു.

(ബി) ഏകദേശം 278 കോടി രൂപ വേണ്ടി വരുമെന്ന് പ്രതീക്ഷിക്കുന്നു.

(സി & ഡി) ഉണ്ട്. ലോകബാങ്കിൽ നിന്നും ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിൽ നിന്നും ധനസഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്തെ 1000 കി. മീ. ദൈർഘ്യം വരുന്ന റോഡ് ഭാഗം നിലവാരം ഉയർത്തി അഭിവൃദ്ധിപ്പെടുത്തുന്നതിന് ഒരു ഫീസിബിലിറ്റി പഠനം നടത്തുകയും അതിന്റെ റിപ്പോർട്ട് ലോക ബാങ്കിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണത്തിന് നബാർഡിൽ നിന്നും ധനസഹായം ലഭിക്കുന്നുണ്ട്.

(ഇ & എഫ്) സംസ്ഥാനത്തെ റോഡുകളിലെ കുണ്ടും കുഴിയും കഴിഞ്ഞ ഡിസംബർ അവസാനത്തോടു കൂടി ഏറെക്കുറെ അടച്ചു കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള പണികൾ നടത്തി വരുന്നു.

ബാലുശ്ശേരി മുക്കിലുള്ള കൾവേർട്ട് പുതുക്കാൻ നടപടി

167 (3044) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് ഹൈവേ 34-ൽ കൊയിലാണ്ടി താമരശ്ശേരി റോഡിൽ ബാലുശ്ശേരി മുക്കിലുള്ള വലിയ കൾവേർട്ട് അപകടാവസ്ഥയിൽ ആയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടിയാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത് പുതുക്കി പണിയാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി കഴിഞ്ഞുവോ ;

(ഇ) ഇല്ലെങ്കിൽ ആവശ്യമായ നിർദ്ദേശം ഇതിനായി കൊടുക്കുവാൻ ദയവുണ്ടാകുമോ ?

ഉത്തരം

(എ) സ്റ്റേറ്റ് ഹൈവേ 34-ൽ കൊയിലാണ്ടി താമരശ്ശേരി റോഡിൽ ബാലുശ്ശേരി മുക്കിലുള്ള കി. മീ. 16/800-ൽ നിലവിലുള്ള വലിയ കൾവർട്ട് അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഇ) പാലം പുനർ നിർമ്മാണം ഉൾപ്പെടെ ബാലുശ്ശേരിമുക്ക് വീതി കൂട്ടി വികസിപ്പിക്കുന്നതിന് 67 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു. 1999-2000 ബഡ്ജറ്റിൽ 3.58 ലക്ഷം രൂപ ഈ പണിക്ക് വകയിരുത്തിയിട്ടുണ്ട്. ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയശേഷം പ്രവൃത്തി ഏറ്റെടുത്തു നടത്തുന്നതാണ്.

തിരുമാറാടി-ആറൂർ റോഡിന്റെ പണി

168 (3045) ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) പിറവം നിയോജകമണ്ഡലത്തിലെ എം. എൽ. എ. റോഡായ തിരുമാറാടി-ആറൂർ റോഡിന്റെ അവശേഷിക്കുന്ന പണികൾക്ക് എന്ത് തുക വേണ്ടിവരുമെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിന്റെ പണികൾ എന്നത്തേയ്ക്കാരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഈ റോഡുമായി സന്ധിക്കുന്ന കുഴിക്കാട്ടുകുന്ന്-മണ്ണത്തൂർ റോഡിൽ വെള്ളപ്പൊക്കത്തിൽ തകർന്ന കലുങ്കിന്റെ പണികൾ ആരംഭിക്കാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(ഡി) എന്നത്തേയ്ക്ക് ഈ പണികൾ ആരംഭിച്ച് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഉദ്ദേശം 63 ലക്ഷം രൂപ.

(ബി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

(സി & ഡി) 27.5 ലക്ഷം രൂപ (ഇരുപത്തിയേഴ് ലക്ഷത്തി അൻപതിനായിരം) യുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly